little KITEs

NAIR SERVICE SOCIETY

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# e- വസന്തം


എൻ. എസ്. എസ്. എച്ച്. എസ്. എസ്. പ്രാക്കുളം



# പ്രാക്കുളത്തെ അക്ഷരമുത്തശ്ശിയ്ക്ക് നൂറിന്റെ തലയെടുപ്പ്




അക്ഷര വെളിച്ചമില്ലാതിരുന്ന കാലത്ത് നാടിന്റെ മുഖശ്രീയായി രൂപമെടുത്ത വിദ്യാലയത്തിന് പുതു തലമുറയോട് പറയാൻ കഥകളേറെയുണ്ട്. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ സരസ്വതി ക്ഷേത്രം നിരവധി പേരെയാണ് ഉന്നതങ്ങളിലേക്ക് കൈപിടിച്ചുയർത്തിയത്. നവോത്ഥാനനായകനും മുൻകാല രാഷ്ട്രീയ പ്രവർത്തകനുമായ കുമ്പളത്ത് ശങ്കുപ്പിള്ളയുടെ ജ്യേഷ്ഠസഹോദരനും എൻ. എസ്. എസ്. നേതാവുമായിരുന്ന പ്രാക്കുളം പരമേശ്വരൻ പിള്ളയാണ് വിദ്യാലയം സ്ഥാപിച്ചത്. 1917 ൽ വെറും നാല് വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച സ്കൂളിന് അംഗീകാരം ലഭിച്ചത് തൊട്ടടുത്ത വർഷമാണ്. കൊല്ലം ജില്ലയിലെ രണ്ടാമത്തെ സ്വകാര്യ സ്കൂളായിരുന്നു പ്രാക്കുളം എൻ. എസ്. എസ്. ഹയർ സെക്കൻഡറി സ്കൂൾ. ഇന്ന് യു.പി , എച്ച്. എസ് , എച്ച്. എസ്. എസ് വിഭാഗങ്ങളിലായി 1200 ഓളം വിദ്യാർത്ഥികളാണിവിടെ പഠിക്കുന്നത്.



**മന്നത്ത് പത്മനാഭൻ**

*" കരയുന്നവനു ജീവിക്കാനുള്ള ലോകമല്ല ഇന്നത്തേത് .പൗരുഷത്തോടുകൂടി കാര്യം പറയുന്ന ധൈര്യശാലികൾക്കു മാത്രമേ ജീവിക്കാൻമാർഗമുള്ളൂ" .*

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് . ഹാർഡ് വെയർ, അനിമേഷൻ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് പദ്ധതി '. ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്കു പുറമേ വിദഗ്ധരുടെ ക്യാമ്പുകൾ, ക്ലാസ്സുകൾ, ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നു. സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം, പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്കിപീഡിയയിലേക്കുള്ള ഉള്ളടക്ക നിർമ്മാണം, സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി എൻ. എസ്. എസ്. എച്ച്. എസ്. എസ്. പ്രാക്കുളം ഇ – മാഗസിനായ '**വസന്തം**' കുട്ടികൾക്കായി സമർപ്പിക്കുന്നു.



NAIR SERVICE SOCIETY

# ഉള്ളടക്കം


ആശംസ

വസന്തത്തിനു പിന്നിൽ

സൗഹൃദം

പൂച്ചകളും പാൽക്കട്ടിയും

ഓർമകൾ പൂത്തുനിൽക്കുന്ന ബാല്യം

ക്രൂവില്ലെങ്കിൽ

ചിത്രരചന

അമ്മ

ഡോ.ആനന്ദി

എന്റെ വിദ്യാലയം

അമ്മ

ചിത്രരചന

അദ്ധ്യാപകദിനം

നിന്നോടൊരു ചോദ്യം ?

മാസ്റ്റർ&മിസ്ട്രസ്സ്

# ആശംസ



കെ.ആർ.ജയ

(ഹെഡ്മിസ്ട്രസ് എൻ.എസ്.എസ്.എച്ച്.എസ്.എസ്.പ്രാക്കുളം)

പ്രാക്കുളം എൻ.എസ്.എസ്.എച്ച്.എസ്.എസിൽ 2018-ൽ നിലവിൽ വന്ന ' ലിറ്റിൽ കൈറ്റ്സ് ' എന്ന ഐ.റ്റി അധിഷ്ഠിത പ്രവർത്തനങ്ങളുടെ ഭാഗമായ 'ഇ-മാഗസിൻ', “E- വസന്തം" എന്ന പേരിൽ കുട്ടികൾ പ്രസിദ്ധീകരിക്കുന്നു. ഈ വേളയിൽ ഇതിനായി പ്രവർത്തിച്ച എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ അഭിനന്ദനങ്ങൾ. സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഇതിനായി അക്ഷീണം പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ അരുൺ സാറിനും കൈറ്റ് മിസ്ട്രസ്സ് ശ്രീജ ടീച്ചറിനും കൈറ്റ് അംഗങ്ങൾക്കും എന്റെ അഭിനന്ദനങ്ങൾ.

## E- വസന്തത്തിനു പിന്നിൽ പ്രവർത്തിച്ച 'ലിറ്റിൽ കൈറ്റ്സ് ' കുട്ടികൾ

ദേവനാരായണൻ
ശ്രീലക്ഷ്മി
സുബിൻ
സനു
സമന്യ
ആബിദ് നൗഷാദ്
ബബില
അജ്ഞന
സുബിന
മധുരിമ
അനുപമ
അഭിരാമി
സുമയ്യ
സ്നേഹ
അഖിൽ
അനന്ദകൃഷ്ണൻ
ഷബിന
വിമൽ
ശരത്
ഇന്ദ്രജിത്ത്
അജ്ഞലി
പാർവ്വതി
ഗോപിക
സൈന
ജാസ്മിൻ
അവിനേഷ്
ആരോമൽ
നജീന
അൻവർ ഷാ
നന്ദന

# സൗഹൃദം

മനസ്സിലെ മായക്കാഴ്ചകളാൽ നാം
തീർത്തെടുത്തൊരു സൗഹൃദമോ?
രാവുകളും പകലുകളും ഓരോ
നേർത്ത കിനാവായി
കൈവിരലുകൾ മീട്ടും ഈണമിതാ....
ളുമൊഴിയായി ചൊല്ലീ നാം
വഴികളിൽ കളി ചിരിയായ്
കൈകൾ കോർത്തുനടന്നേ നാം
ഈ നാളുകളിൽ ഓരോ
നിമിഷമിതാപ്രണയത്തിൻ പൂവിതളായി മാറി
ഈ സൗഹൃദമെൻ ഹൃദയത്തിൻ
നൊമ്പരമായി തീർന്നു
ഇവയെല്ലാം എൻ സ്വപ്നത്തിൻ
പൂത്തൊരു വർണ്ണമയമാണോ?

ശ്രീലക്ഷ്മി എസ് എൽ (9D)

# കൂവിയില്ലെങ്കിൽ

മുത്തശ്ശിക്കൊരു പൂവൻകോഴിയുണ്ട്. അവനെ കാണാനഴകുണ്ട്. പൂവും അങ്കവാലും വെള്ളമേൽ പുള്ളിയുള്ള തൂവലും ചേരുമ്പോൾ അവനൊരു സുന്ദരൻ കുട്ടനാണ്. പൂവൻകോഴിക്ക് നല്ല ചുറുചുറുക്കുണ്ട്. മുത്തശ്ശിക്കോ, മുടിയൊക്കെ നരച്ചിട്ടും പല്ലൊക്കെ കൊഴിഞ്ഞിട്ടും. എന്നും പുലർച്ചയ്ക്ക് പൂവൻകോഴി എണീക്കും. മുത്തശ്ശിയുടെ അടുത്തുപോയി നീട്ടിക്കൂവും. കൊക്കരക്കൊ......കൊക്കരക്കൊ.....കൊക്കര ക്കൊ...... മൂന്നാം തവണ കൂവിത്തീരണേനു മുമ്പേ മുത്തശ്ശി എണീക്കും. പൂവൻ കോഴി കൂവിത്തീരണതും നേരവും വെളുക്കും.മുത്തശ്ശി മാത്രമല്ല, അയൽപക്കത്തെ ആൾക്കാരെല്ലാം പൂവൻകോഴീടെ കൂവലുകേട്ട് ഉണരാൻ തുടങ്ങി. നാട്ടാരൊക്കെ പൂവൻകോഴീടെ ദേഹം കണ്ട് കൊതിക്കുമ്പോൾ മുത്തശ്ശി പറയും "ന്റെ


കോഴ്യേ കണ്ണ് വയ്യുണ്ടാന്ന് " മുത്തശ്ശീടെ പൊന്നുകോഴി മിടുമിടുക്കനാണെന്ന് ചിലര്. മുത്തശ്ശീടെ സുന്ദരൻ കോഴി കൂവിയാ ഞങ്ങളെ ഉണർത്തണേന്ന് ചിലര്. അതൊക്കെക്കേട്ട് പൂവൻ കോഴിക്ക് ഒത്തിരി സന്തോഷവും ഇത്തിരി അഹങ്കാരവും വന്നു. നാട്ടിലുള്ളോര് ഉണരോണെങ്കില് താൻ കൂവണം. കൂവാൻ തനിക്ക് മനസ്സില്ലെങ്കിലോ? ഞെളിഞ്ഞു നിന്നു അവൻ. നേരം ഇരുട്ടി. ചിലതൊക്കെ ഉറപ്പിച്ച് പൂവൻ കോഴി ഉറങ്ങാൻ കിടന്നു. ഇരുട്ടി വെളുക്കും മുമ്പേ പൂവൻ കോഴി എണീറ്റു. നീട്ടിക്കൊക്കാൻ കൊക്കു വിടർത്തിയതും വേണ്ടെന്നു വെച്ചു. ഇന്നാരും ഉണരണ്ട. നേരൊട്ട് വെളുക്കേം വേണ്ട. പൂവൻ കോഴി വാശി പിടിച്ച് മുഖവും വീർപ്പിച്ചിരുന്നു. ഇത്തിരി കഴിഞ്ഞപ്പോഴുണ്ട് മുത്തശ്ശി കോട്ടുവായിട്ട് എണീറ്റു വരുന്നു. “ ങേ, താൻ കൂവാണ്ടും മുത്തശ്ശി എഴുന്നേറ്റോ? ” പുറകേ പുറകേ നാട്ടാരെല്ലാം

എണീറ്റു വന്നു. മാത്രമല്ല, പൂവൻകോഴി കൂവാതെ നേരം വെളുക്കേം ചെയ്തു. അവന്റെ അഹങ്കാരമൊക്കെ അലിഞ്ഞ് അലിഞ്ഞ് ഇല്ലാതായി. നേരത്തെ എണീക്കാതെ, പുലർച്ചയ്ക്ക് കൂവാത്ത പൂവൻകോഴി ചീത്തക്കോഴിയാണ്. നാട്ടാര് പറയണത് നേരാണെന്ന് മുത്തശ്ശിക്കും തോന്നി. ചൊവ്വയല്ലാത്ത പൂവൻകോഴിയെ അന്നുതന്നെ മുത്തശ്ശി അടിച്ചോടിച്ചു.

വർഷ എ.എസ് ( 7 C )

# പൂച്ചകളും പാൽക്കട്ടിയും

രണ്ടു പൂച്ചകൾ – ഒന്ന് വെളുമ്പി, മറ്റേത് കറുമ്പി. രണ്ടാളും കൂടി ഒരു വീടിന്റെ അടുക്കളയിൽ നിന്ന് ഒരു പാൽക്കട്ടി മോഷ്ടിച്ചു. സൗകര്യമായിരുന്ന് തിന്നാൻ വേണ്ടി അവർ അത് തോട്ടത്തിലേക്ക് കൊണ്ടുപോയി.



തോട്ടത്തിലെ പുൽത്തകിടിയിൽ പാൽക്കട്ടിവെച്ച് സന്തോഷത്തോടെ വെളുമ്പി പറഞ്ഞു :

"എന്തു വലിയ പാൽക്കട്ടിയാണിത്. 8 സെന്റീമീറ്റർ നീളമുണ്ടിതിന്."

"അല്ലല്ല, നിനക്കെന്തറിയാം? അതിന് 10 സെന്റീമീറ്റർ നീളമുണ്ട്," കറുമ്പി തിരിച്ചടിച്ചു.

കറുമ്പിയും വെളുമ്പിയും തർക്കം തുടർന്നുകൊണ്ടിരുന്നു. അതു കേട്ടുകൊണ്ട് തോട്ടത്തിലെ മരത്തിൽ ഒരു കുരങ്ങൻ ഇരിപ്പുണ്ടായിരുന്നു. അവൻ ഇറങ്ങിവന്നു.

" മഹതികളേ, നിങ്ങൾ തർക്കിക്കുന്നതെന്തിന് ? ഞാൻ നിങ്ങളെ യോജിപ്പിലാക്കാം. ആദ്യമായി പാൽക്കട്ടി ഞാനൊന്ന് നോക്കട്ടെ."

ഇങ്ങനെ പറഞ്ഞുകൊണ്ട് കുരങ്ങൻ പാൽക്കട്ടി കയ്യിലെടുത്തു.

വെളുമ്പിയും കറുമ്പിയും കുരങ്ങന്റെ അഭിപ്രായം അവരവർക്ക് അനുകൂലമായിരിക്കുമെന്ന് ആശിച്ച് മിണ്ടാതിരുന്നു.

കുരങ്ങൻ പാൽക്കട്ടി തിരിച്ചും മറിച്ചും നോക്കിയിട്ടുപറഞ്ഞു :

" ഇതിന്റെ ആകൃതി ശരിയല്ല, അതു ശരിയാക്കിയാൽ നിങ്ങളുടെ തർക്കം തീരും."

കുരങ്ങൻ പാൽക്കട്ടിയുടെ ഒരു വശത്തുനിന്നും ഒരു കഷ്ണം കടിച്ചെടുത്ത് സന്തോഷത്തോടെ തിന്നു.

വെളുമ്പിയും കറുമ്പിയും അതുകണ്ട് നാക്കുകൊണ്ട് ചുണ്ട് നനച്ച് കൊതിയടക്കി കാത്തിരുന്നു. ശേഷിച്ച പാൽക്കട്ടി പൂച്ചകൾക്കുനേരേ നീട്ടി കുരങ്ങൻ ചോദിച്ചു :

" ഇപ്പോൾ നിങ്ങളുടെ അഭിപ്രായമെന്താണ് ?"

" 7 സെന്റീമീറ്ററാണ് ഇപ്പോൾ ഇതിന്റെ നീളം," വെളുമ്പി ഉറപ്പിച്ച് പറഞ്ഞു.

" 9 സെന്റീമീറ്ററുണ്ട്," കറുമ്പി വിടാൻ ഭാവമില്ല.

അവരുടെ തർക്കം തീരുന്നില്ലെന്ന് കണ്ട് കുരങ്ങൻ പാൽക്കട്ടിയിൽനിന്നും ഒരു കഷണംകൂടി കടിച്ചെടുത്തുതിന്നു. ശേഷിച്ച പാൽക്കട്ടി കാട്ടിക്കൊടുത്തുകൊണ്ട് കുരങ്ങൻ പറഞ്ഞു :

"ഇപ്പോൾ നിങ്ങൾക്ക് ഇതിന്റെ കൃത്യമായ അളവ് പറയാൻ കഴിയും."
" 4 സെന്റീമീറ്റർ," വെളുമ്പി പറഞ്ഞു.

" ആറു സെന്റീമീറ്റർ, ഇപ്പോൾ ഇതിന് ആറു സെന്റീമീറ്റർ ഒട്ടും കുറയില്ല," കറുമ്പി കട്ടായം പറഞ്ഞു.

" ഹോ കഷ്ടമായല്ലോ."
അവരുടെ തർക്കം തീർക്കാൻ സാധിക്കാതെ താൻ കുഴയുന്നതു പോലെ കുരങ്ങൻ അഭിനയിച്ചു. എന്നിട്ട് പാൽക്കട്ടിയിൽനിന്ന് ഒരു കഷണം കൂടി അവൻ അകത്താക്കി. ശേഷിച്ച കഷ്ണം കാട്ടിക്കൊടുത്തു.

" 2 സെന്റീമീറ്റർ," വെളുമ്പി പ്രസ്താവിച്ചു.
" 3 സെന്റീമീറ്ററുണ്ട് തീർച്ച," കറുമ്പി ഉറക്കെ പറഞ്ഞു.
കറുമ്പിയും വെളുമ്പിയും തങ്ങളുടെ പ്രസ്താവനകൾ കൂടുതൽ കൂടുതൽ ഉച്ചത്തിൽ ആവർത്തിച്ചു തുടങ്ങി.

കുരങ്ങൻ ശേഷിച്ച പാൽക്കട്ടി ഈ സമയംകൊണ്ട് സാവധാനം വയറ്റിലാക്കി. കുരങ്ങൻ ഉൽസാഹത്തോടെ മരത്തിലേക്ക് കയറിപ്പോയി. പൂച്ചകൾ ' മ്യാവൂ, മ്യാവൂ ' എന്ന് നിലവിളിച്ചു.

*മത്സരം അവരവർ പരിഹരിക്കുകയാണ് ബുദ്ധി. അന്യരുടെ മധ്യസ്ഥത ചിലപ്പോൾ ഉള്ളത് ഇല്ലാതാക്കും.*

മധുരിമ എം ( 9 B )

# ഓർമകൾ പൂത്തുനിൽക്കുന്ന ബാല്യകാലം

ഓർക്കുന്നു ഞാൻ ഇന്നും എൻ കുട്ടിക്കാലം
എന്നും എൻ നെഞ്ചിലെ ഓമൽ കാലം
കളിച്ചും പഠിച്ചും ചിരിച്ചൊരു കാലം
അക്ഷരമാലകൾ കോർത്തൊരു വിദ്യയാം കാലം
തിരികെ എനിക്ക് നൽകുമോ എൻ ബാല്യകാലം
അത്രമേൽ അക്ഷരം ചൊല്ലിയതല്ലേ
കുസൃതികൾ കൂട്ടിനു വരുമോയിനിയുള്ള കാലം
കുട പിടിച്ച് നടന്നതല്ലേ
മാവിലെ മാങ്ങ പറിച്ചതല്ലേ
പൂക്കളിറുത്തു നടന്നതല്ലേ
നമ്മൾ കളിപ്പന്തു തട്ടി കളിച്ചില്ലേ
മണ്ണപ്പം ചുട്ടു വിളമ്പീല്ലേ
ഇനി ഒരു നാളും തിരിച്ചുവരുമോ എൻ ബാല്യകാലം
ഞാൻ നെയ്ത സ്വപ്നങ്ങൾ ഒന്നാകുമോ......

സ്നേഹ സി ( 6 A )

ചിത്രരചന

## ജലകന്യക



സുബിൻ ബാലൻ (9 C)

# അമ്മ

ഒഴുകുന്ന തെളിനീരാണമ്മ
വറ്റാത്ത തെളിനീരാണമ്മ
സ്നേഹം എന്തെന്ന്
എന്നെ പഠിപ്പിച്ച
ഗുരുനാഥയാണെന്റെയമ്മ
സ്നേഹത്തിൻ സിന്ദൂര ചെപ്പാണമ്മ
അറിവിൻ നിറകുടമാണമ്മ
ദിവസേന നാം പൂജിക്കും
ദൈവത്തിൻ മറ്റൊരു രൂപമാണമ്മ
ഒഴുകുന്ന തെളിനീരാണമ്മ
വറ്റാത്ത തെളിനീരാണമ്മ

ബബില ശ്രീകുമാർ ( 9 B )

## ഡോ. ആനന്ദി

ഓരോ പുലരിയും വന്നെത്തുന്നത് അവളുടെ മനസ്സിൽ ഒരു ഇടുത്തീ പോലെയാണ്. അങ്ങുദൂരെ മഞ്ചാടിക്കുന്ന് എന്ന ഒരു ചെറുഗ്രാമം. പുഴകളും കുന്നുകളും വയലുകളും പച്ചപ്പും കൊണ്ട് ഹരിത മനോഹാരിത കൈവരിച്ച ഒരു ഗ്രാമം. മഞ്ചാടിക്കുന്നിൻ ചെരുവിലെ ഒരു കുടിലിലാണ് അവളുടെ ജീവിതം. ഉടുതുണിക്ക് മറുതുണിയില്ലാതെ ഒരു നേരത്തെ അന്നത്തിനു വേണ്ടി കഷ്ടപ്പെടുന്ന അവൾ കണ്ണീർ എന്ന അനന്തസാഗരത്തിൽ ജീവിതം എന്ന വലിയ ഒരു നാടകത്തെ മുന്നോട്ടുകൊണ്ടുപോകുകയാണ്.മഞ്ചാടിക്കുന്ന് എന്ന ഗ്രാമത്തിലെ ഈശ്വരീ പ്രഭാകരനും ജനാർദ്ധനൻ നായർക്കും ജനിച്ച പൊന്നോമനയാണ് ആനന്ദി. അവളുടെ കുഞ്ഞനുജത്തിയാണ് ഇന്ദു. തുലാവർഷക്കെടുതിയിൽ ഭാഗികമായി ഇടിഞ്ഞുവീണ മഞ്ചാടിക്കുന്ന്. ഇടിഞ്ഞുവീണ കുന്നിനോടൊപ്പം ഛേദനയറ്റ രണ്ടു ശരീരം. അത് അവളുടെ അച്ഛനും അമ്മയുമാണ്. വേനലും മഴയും വസന്തവും വന്നകന്നുപോയി. അവരുടെ ജീവിതം ദാരിദ്ര്യത്തിന്റെ ചവിട്ടുപടികൾ കയറാൻ തുടങ്ങി. എന്തിനെയും അതിജീവിക്കാൻ ഇരുവരും തയ്യാറായി. വീണ്ടും അപ്രതീക്ഷിതമായി ഒരു തുലാവർഷം കടന്നുപോയി. ആ തുലാവർഷത്തിലെ മഴ പലരുടെയും ജീവന് ഭീഷണി മുഴക്കി. നാടെങ്ങും പകർച്ചപ്പനി പടർന്നു പിടിച്ചു. ആ പനി നാട്ടിലെ ഓരോരുത്തർക്കും പകർന്നു തുടങ്ങി. ഒരു ദിവസം ഇന്ദുവിലേക്കും അതു പകർന്നു. അതിജീവനത്തിനായി കഷ്ടപ്പെടുന്ന അവരുടെ ജീവിതം സങ്കീർണ്ണമായിക്കൊണ്ടിരുന്നു. തന്റെ ഗ്രാമത്തിലെ സർക്കാർ ആശുപത്രിയിൽ ഇതേ രോഗം കാരണം ആളുകളുടെ തിക്കും തിരക്കുമായിരുന്നു. അവിടെ ആർക്കും ആനന്ദിയെയോ അവളുടെ അനുജത്തിയെയോ സഹായിക്കാനോ അവരെ ഒന്നു ശ്രദ്ധിക്കാനോ സമയമില്ലായിരുന്നു. മുഷിഞ്ഞ വേഷം ധരിച്ച




ഇരുവരെയും എല്ലാവരും അകറ്റി നിർത്തി. തന്റെ അനുജത്തിക്ക് ചികിത്സ നൽകാൻ പോലും ആശുപത്രി അധികൃതർ തയ്യാറായില്ല. ആശുപത്രി വരാന്തയുടെ ഒരു മൂലയിൽ അവളെ കിടത്തി. സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് മറഞ്ഞുതുടങ്ങി. തിരക്കേറേ ഒഴിഞ്ഞു. എന്നിട്ടുപോലും ഇന്ദുവിനെ പരിശോധിക്കാനോ ചികിത്സ നൽകാനോ അവർ തയ്യാറായില്ല. തന്റെ ജീവിതവും വേഷവും കണ്ട് അവരെ സമൂഹത്തിൽ ഒറ്റപ്പെടുത്തി . പാവപ്പെട്ടവൻ എന്നും പണക്കാരൻ എന്നും ബഹുമതി നൽകിയാണ് ആശുപത്രിയിൽ ചികിത്സ നടന്നു കൊണ്ടിരുന്നത്. അവരുടെ സങ്കടങ്ങൾ കാണാൻ ആരും തയ്യാറായില്ല. ഇതിനിവിടെ പ്രസക്തമില്ലായിരുന്നു. ഇന്ദുവിന്റെ ജീവൻ മരണത്തിനും ജീവിതത്തിനും ഇടയിലായി മാറി. പുലർകാലത്ത് അപ്രതീക്ഷിതമായ ഞെട്ടിക്കുന്ന വാർത്ത ആനന്ദിയെ തേടിയെത്തി. ചികിത്സ കിട്ടാതെ മരണപ്പെട്ടു കിടക്കുന്ന ഇന്ദുവിനെ നോക്കി കരയുന്ന ആനന്ദിയുടെ വാവിട്ടലർച്ച അവിടെയെങ്ങും മുഴങ്ങി. ആ സങ്കടത്തിലാഴ്ന്നു പോയ അവളെ ഒന്നാശ്വസിപ്പിക്കാനോ ആ സങ്കടം ഒന്നു കാണാനോ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും അവരവരിലേക്ക് ചുരുങ്ങിയ കാലം.

ആനന്ദി ചെറുപ്രായത്തിൽ തന്നെ സമൂഹത്തിൽ ഒറ്റപ്പെട്ടിരുന്നു. തന്റെ ബന്ധുക്കൾ അവളെ കൈയൊഴിഞ്ഞിരുന്നു. തന്റെ നാട്ടിലെ പ്രമാണികളുടെ വീട്ടിൽ ജോലിക്ക് പോയി പണം സമ്പാദിച്ചാണ് പുസ്തകങ്ങളും മറ്റും അവൾ വാങ്ങിച്ചത്. അവൾ വിശപ്പെന്തെന്ന് തന്നെ മറന്നു. തന്റെ വീട്ടിലെ റാന്തൽ വിളക്കിലെ ഇരുണ്ട വെളിച്ചത്തിൽ പഠിച്ച് പത്താം ക്ലാസ്സിൽ ഉന്നത മാർക്കോടുകൂടി വിജയിച്ചു. അവളുടെ പഠനത്തിനായി ധാരാളം ഓഫറുകളും സഹായങ്ങളും അവളെ തിരക്കി എത്തി. കാലങ്ങൾ കടന്നുപോയി. ഇപ്പോൾ അവൾ ആനന്ദിയല്ല ഡോ. ആനന്ദിയാണ്. തന്റെ നാട്ടിലും ചെറിയ ചെറിയ ഗ്രാമങ്ങളിലും ഗോത്രവർഗ സമൂഹങ്ങളിലും ക്യാമ്പുകൾ സംഘടിപ്പിച്ച് അവർക്കുവേണ്ടി സേവനമനുഷ്ഠിക്കുകയും ചെയ്തു. ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുന്നതും

അനാഥമാക്കപ്പെട്ടതുമായ കുട്ടികളെ കണ്ടെത്തി ധനസഹായം നൽകുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നു. അവളുടെ ഗ്രാമം അവളെ ഓർത്തിന്ന് അഭിമാനം കൊള്ളുന്നു.

അനുപമ. എസ് ( 9 A )





# എന്റെ വിദ്യാലയം

പഠിച്ചും കളിച്ചും വളരാനും
എനിക്കുമുണ്ടൊരു വിദ്യാലയം
അറിവിന്റെ വിത്തുകൾ പൊട്ടിമുളയ്ക്കുന്ന
നല്ല ചിന്തകൾ മനസ്സിൽ നിറയ്ക്കുന്ന
ദേവീക്ഷേത്രം പോലൊരു വിദ്യാലയം
ധീരരായി മാറുവാൻ നമ്മെ തുണയ്ക്കുന്ന
ജീവിതയാത്ര ആഹ്ലാദമാക്കുന്ന
വളർന്നു വലുതാകാൻ വഴിയൊരുക്കുന്ന
ഈശ്വരനുള്ളൊരു വിദ്യാലയം

പൂജാരാജ് ( 7 C )

# അമ്മ

അമ്മയാണെൻ സർവസ്വം
ആദ്യം മുതലെന്നെ കാത്തവളമ്മ
ഇന്നുമെന്നെ കാക്കുമമ്മ
ഈശനു തുല്യമാമെന്നമ്മ
ഉണ്മയാകുമെന്നമ്മ
ഊതിക്കത്തുമെന്നന്തരംഗത്തിൽ
ഋണബാധ്യതയാം എരിതീയിൽ
എന്നുമഭയമാകുമെന്നമ്മ
ഏഴു വർണ്ണങ്ങൾതൻ
ഐക്യമാണെന്നമ്മ
ഒത്തിരിയെന്നെ സ്നേഹിക്കുമമ്മ
ഓടിത്തളരുമെന്നിൽ
ഔഷധമാകുമമ്മ
അംബുജറാണിയെന്നമ്മ
അമ്മ.....അമ്മ.....അമ്മ.....

പൂജാരാജ് ( 7 C )

## ചിത്രരചന

# കോമാളി




സമന്യ അജിത്ത് (9C)

# അദ്ധ്യാപകദിനം

പുസ്തകത്തിനപ്പുറമുള്ള അറിവിന്റെ വലിയ ലോകവും വിലപ്പെട്ട ജീവിതപാഠങ്ങളും പകർന്നു നൽകുന്ന എല്ലാ അദ്ധ്യാപകർക്കും എന്റെ ആശംസകൾ.

പ്രശസ്ത അദ്ധ്യാപകനും ഇന്ത്യയുടെ രണ്ടാമത്തെ പ്രസിഡന്റുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ അഞ്ചാണല്ലോ നമ്മുടെ രാജ്യത്ത് അദ്ധ്യാപകദിനമായി ആചരിക്കുന്നത്. അദ്ധ്യാപകരുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുകയും അവരുടെ കഴിവിന്റെ പരമാവധി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയാണ് ദിനാഘോഷത്തിന്റെ മുഖ്യലക്ഷ്യം.

ലോകചരിത്രത്തിന്റെ പ്രാരംഭത്തിൽ അദ്ധ്യാപനം ഒരു പ്രത്യേക തൊഴിലായി കണക്കാക്കപ്പെട്ടിരുന്നില്ല. അദ്ധ്യാപകർ എന്നൊരു പ്രത്യേക വിഭാഗവും ഉണ്ടായിരുന്നില്ല. പൗരോഹിത്യവും അദ്ധ്യാപനവും ഒരുമിച്ചു പോകുകയായിരുന്നു അന്നത്തെ സമ്പ്രദായം. അദ്ധ്യാത്മിക കാര്യങ്ങൾക്കു പ്രാധാന്യം കൽപ്പിച്ചിരുന്ന പ്രാചീന ജനത മതപുരോഹിതന്മാരെ അദ്ധ്യാപകരായി അംഗീകരിച്ചു. ക്രിസ്തു , മുഹമ്മദ് നബി , ബുദ്ധൻ മുതലായ മതസ്ഥാപകരും അത്തരത്തിൽ അദ്ധ്യാപകരായിരുന്നു. ഇന്ത്യയിൽ പണ്ടു ഗുരുകുല വിദ്യാഭ്യാസമാണ് നിലവിലുണ്ടായിരുന്നത്. അദ്ധ്യാപനം നടത്തിയിരുന്നവർ

ഋഷികളും ഋഷിതുല്യരുമായിരുന്നു. കുട്ടികളുടെ എണ്ണം പെരുകിയതോടെ കൂടുതൽ അദ്ധ്യാപകരുള്ള വിദ്യാലയങ്ങൾ സ്ഥാപിതമായി. അങ്ങനെ അദ്ധ്യാപക സമൂഹവും വികസിതമായി.

അഫ്രീൻ ഫാത്തിമ ( 6 C )

*NSS HSS PRAKKULAM*

# നിന്നോടൊരു ചോദ്യം .....?

കാലമിത്രയും ഉള്ളിലൊതുക്കിയ
തേങ്ങലൊക്കെയും ഒന്നിച്ച വന്നതോ !
കാതരയായിക്കാണുന്ന നീയൊരു
കാളിമാതാ തൻ
രൂപമെടുത്തതോ !
വേനൽച്ചൂടത്ത
താങ്ങാനതാവാതെ
ആഴിതന്നിൽ നീ
മുങ്ങിക്കിടന്നുവോ !
ഇത്രകാലം കുളിച്ച




മദിച്ചിട്ട്
ഈറനോടെ നീ മാനവും പൂകിയോ !
ആദ്യനീർത്തുള്ളി മേനിയിൽ വീഴവേ
ആഞ്ഞുപുൽകി ഞാനാനന്ദചിത്തയായ്
നിന്റെ കാർകുഴൽത്തുമ്പിലെ നീർത്തുള്ളി-
യെന്നു തെറ്റിദ്ധരിച്ച ഞാൻ നില്ക്കവെ
കാട്ടി നീ നിന്റെ ഭീകരരൂപവും
കണ്ടു ഞാനതിൽ സംഹാര താണ്ഡവം !
ദാരികവധം ചെയ്തു തിരിയുന്ന
രൗദ്രഭാവം എന്നോർമ്മയിൽ മിന്നിയോ ?
പരശുപുത്രിയെക്കീറി മുറിച്ചിട്ടു
പലവഴിക്കു നീ ചിറിയലറുന്നു
തച്ചുടച്ചില്ലേ മലയാഴ്മപ്പെരുമയും

തട്ടിത്തെറിപ്പിച്ചമൂല്ല്യ ഗ്രന്ഥങ്ങളും
നിന്റെ ഖഡ്ഗത്താൽ ഛേദിച്ചതെന്തിനീ
പശ്ചിമസാനുതന്റെ കൈകാലുകൾ
എന്തിനുവേണ്ടി കൊത്തിവലിച്ചു നീ
മൂകജീവിതൻ നാഡീഞരമ്പുകൾ
അങ്ങുതാഴെയൊഴുകും നിളയതും
ഇങ്ങുയർന്നൊഴുകുന്നൊരു പമ്പയും
ഇങ്ങിതാ ഒരു സാഗരതുല്യമായ്
തിങ്ങിച്ചേർന്നൊഴുകുമീ വേളയിൽ
പട്ടമെത്തയും കീറിയ പായ് തുണ്ടും
ഒന്നുപോൽ നീ വിഴുങ്ങിക്കളഞ്ഞീലേ....
അലറിയെത്തും തിരതന്നൊടുവിലായ്
കേട്ടുഞാനൊരു തേങ്ങലിൻ മാറ്റൊലി
രണ്ടുകയ്യുമുയർത്തിയൊഴുകിയ, കുഞ്ഞു–
കബന്ധമെൻ കണ്ണിൽ പതിയവേ
നൊന്തു പെറ്റൊരീയമ്മ മനസ്സിലും
ആഞ്ഞടിച്ചു തിരയും കൊടുങ്കാറ്റും...
എത്രകൂട്ടൽ കിഴിക്കൽ നടത്തിഞാൻ
ഇന്നുമുത്തരം കിട്ടാതലയുന്നു
ഒന്നു ചോദിച്ചിടട്ടെ ഞാൻ നിന്നൊടായ്

**കാലമേ – നിനക്കെന്തേ പിഴച്ചുപോയ് ????**

ദീപ ടീച്ചർ ( എൻ. എസ്. എസ്. എച്ച്. എസ്. എസ്. പ്രാക്കുളം )

# മാസ്റ്റർ&മിസ്ട്രസ്സ്



അരുൺ കെ.ആർ

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



ശ്രീജ എൻ.എ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്


നന്ദി


NSS HSS PRAKKULAM
e- വസന്തം
Thanks To All